## ഡയറക്ടറേറ്റ് ഓഫ് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്
## തൈക്കാട്, തിരുവനന്തപുരം-14.


വെബ്സൈറ്റ് : www.ims.kerala.gov.in

ഇ-മെയിൽ : dimskerala@gmail.com  ഫോൺ നം - 0471-2323960


**നം.ബി2-892/2021/ഡി.ഐ.എം.എസ്**  **തീയതി- 10.09.2021**

### സർക്കുലർ

വിഷയം- ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്- സ്പെഷ്യാലിറ്റി ചികിത്സ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ക്ലെയിമുകൾ തുടങ്ങിയ ഇ.എസ്.ഐ. ആനുകൂല്യങ്ങൾ നിഷേധിക്കുന്നത് - സംബന്ധിച്ച്.

സൂചന - 1) നം.54-C.28.12 DIMS -Medical Dated: 16.07.2021

2) നം.26/2019/ തൊഴിൽ തീയതി 26.06.2019

------------

സൂപ്പർസ്പെഷ്യാലിറ്റി അർഹത ഇല്ലാത്ത ഐ.പികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും, സ്പെഷ്യാലിറ്റി ചികിത്സകളും ആയതുമായി ബന്ധപ്പെട്ട മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ക്ലെയിമുകളും നിഷേധിക്കുന്നതായും ആയതുമായി ബന്ധപ്പെട്ട നിരവധി പരാതികൾ ലഭിക്കുന്നതായും ഇ.എസ്.ഐ. കോർപ്പറേഷൻ റീജിയണൽ ഡയറക്ടർ സൂചന (1) പ്രകാരം ഈ ഓഫീസിൽ അറിയിച്ചിരിക്കുന്നു. ഇ.എസ്.ഐ. പദ്ധതിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്കും ആശ്രിതരായ കുടുംബാംഗങ്ങൾക്കും പദ്ധതിയിൽ അംഗമാകുന്ന ദിവസം മുതൽ Tie-Up ആശുപത്രികളിൽ Reasonable medical care വിഭാഗത്തിൽ ഉൾപ്പെടുത്തിയ സ്പെഷ്യാലിറ്റി ചികിത്സകൾ അനുവദിച്ചുകൊണ്ട് മേൽ സൂചന (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ മെഡിക്കൽ ബെനിഫിറ്റിന് അർഹതയുള്ള എല്ലാ ഇ.എസ്.ഐ. തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും സൂപ്പർസ്പെഷ്യാലിറ്റി ചികിത്സക്കുള്ള അർഹതയില്ലെങ്കിലും Reasonable medical care വിഭാഗത്തിൽ ഉൾപ്പെടുത്തിയ സ്പെഷ്യാലിറ്റി ചികിത്സകളും ആയതുമായി ബന്ധപ്പെട്ട മെഡിക്കൽ റീഇംപേഴ്സ്മെന്റ് ക്ലെയിമുകളും തടസ്സം കൂടാതെ നൽകേണ്ടതാണ്.

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർക്ക് വേണ്ടി

സ്വീകർത്താവ്,

റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ,
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്,
ഉത്തര മേഖല, കോഴിക്കോട് / മദ്ധ്യമേഖല, എറണാകുളം / ദക്ഷിണമേഖല, കൊല്ലം.
(താങ്കളുടെ കീഴിലുള്ള സ്ഥാപനങ്ങളെ പ്രസ്തുത വിവരം അറിയിക്കേണ്ടതാണ്.)

എ.ഡി.എസ്.

"ഭരണഭാഷ - മാതൃഭാഷ"

Communicate all institutions & put in website

# കേരള സർക്കാർ

## സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് - ഇ. എസ്. ഐ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളിക്കും ആശ്രിതരായ കുടുംബാംഗങ്ങൾക്കും പദ്ധതിയിൽ അംഗമാകുന്ന ദിവസം മുതൽ tie - up ആശുപത്രികളിൽ Reasonable Medical Care വിഭാഗത്തിൽ ഉൾപ്പെടുത്തിയ സ്പെഷ്യാലിറ്റി ചികിത്സ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്

സ.ഉ.(കൈ)നം.26/2019/തൊഴിൽ തീയതി, തിരുവനന്തപുരം, 26/06/2019

---

പരാമർശം :- 1) സ.ഉ.(എം.എസ്)നം.55/2009/തൊഴിൽ തീയതി 30.04.2009.

2) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 04.10.2017, 09.08.2018, 10.12.2018 എന്നീ തീയതികളിലെ ബി2-6416/2017/ഡി.ഐ.എം.എസ് നമ്പർ കത്തുകൾ.

### ഉത്തരവ്

ഇ. എസ്. ഐ ആക്ട് പ്രകാരം ഇ. എസ്. ഐ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളിക്കും ആശ്രിതരായ കുടുംബാംഗങ്ങൾക്കും ഇ. എസ്. ഐ പദ്ധതിയിൽ തൊഴിലാളി അംഗമാകുന്ന ദിവസം മുതൽ മെഡിക്കൽ ബെനഫിറ്റിന് അർഹത ഉണ്ടായിരിക്കുന്നതാണ്. ഈ ഗുണഭോക്താക്കൾക്ക് പ്രൈമറി, സെക്കന്ററി ചികിത്സ നൽകേണ്ട ഉത്തരവാദിത്വം സംസ്ഥാന സർക്കാരിനാണ്. ഇ.എസ്.ഐ ആശുപത്രികളിൽ ലഭ്യമല്ലാത്ത സ്പെഷ്യാലിറ്റി ചികിത്സകൾക്ക് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്കായി എംപാനൽ ചെയ്തിരിക്കുന്ന ആശുപത്രികളുമായി സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്കുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ tie-up ൽ ഏർപ്പെടുന്നതിന് പരാമർശം 1 ഉത്തരവ് പ്രകാരം ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിയിരുന്നു.

2) മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾക്ക് പ്രസ്തുത പദ്ധതിയിൽ അംഗമാകുന്ന ദിവസം മുതൽ സ്പെഷ്യാലിറ്റി ചികിത്സ നൽകണം എന്ന വിഷയം ഇ.എസ്.ഐ കോർപ്പറേഷന്റെ റീജിയണൽ ബോർഡ് യോഗത്തിലും സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയിലും ചർച്ച ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യാലിറ്റി ചികിത്സയ്ക്കുള്ള മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി പരാമർശം 2 പ്രകാരം ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ സർക്കാരിലേക്ക് ശുപാർശ സമർപ്പിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി tie -up ആശുപത്രികളിൽ സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് പുതുക്കിയ മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) ചുവടെ ചേർത്തിരിക്കുന്ന ചികിത്സാ വിഭാഗങ്ങളെ 1948-ലെ ഇ.എസ്.ഐ ആക്ട് സെക്ഷൻ 57,58 എന്നിവയിൽ പ്രതിപാദിച്ചിരിക്കുന്ന Reasonable Medical care എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തുന്നു. തൊഴിലാളിക്കും കുടുംബത്തിനും ടി തൊഴിലാളി എന്നു മുതലാണോ ഇ.എസ്.ഐ പദ്ധതിയിൽ അംഗമാകുന്നത് അന്നുമുതൽ ഈ വിഭാഗത്തിൽ ഉൾപ്പെടുന്ന ചികിത്സകൾക്ക് അർഹത ഉണ്ടായിരിക്കുന്നതാണ് .

| | |
|---|---|
| Medicine | OP/IP Treatment, Emergency Management etc. |
| Paediatrics | OP/IP Treatment, Immunisation Phototherapy, Neonatal Care etc. |
| Gynecology | OP/IP Management, Delivery, Management of Abortions, D & C, Hysterectomy, Family Planning activities etc. |
| Surgery | OP/IP Management. Surgery for hernia, Hydrocele, I&D, Fistulectomy, Varicose Vein, Breast lump, excision, Cyst excision etc. |
| Orthopaedics | OP/IP Treatment, Minor surgeries, Closed treatment of fractures, Soft tissue bearing tumor excision etc. |
| ENT | OP/IP treatment, Rx, Otoscopy, Suction clearance of ear & nose, Minor OP procedures etc. |
| Ophthalmology | OP Rx, Retinal evaluation, FB removal, Minor surgeries, glaucoma & diabetes screening. |
| Radiology | Ultra Sound Scanning facilities |

(ii) മേൽ സൂചിപ്പിച്ച പട്ടികയിൽ ഉൾപ്പെടുന്ന ചികിത്സകൾ ഇ.എസ്.ഐ ആശുപത്രികളിൽ ലഭ്യമാണെങ്കിൽ ആയത് ടി ആശുപത്രികളിൽ തന്നെ നൽകേണ്ടതാണ്.

(iii) ഇ.എസ്.ഐ ആശുപത്രികളിൽ ലഭ്യമല്ലാത്ത മേൽ ചികിത്സകൾക്ക് എംപാനൽഡ് ആശുപത്രികളിലേക്ക് റഫർ ചെയ്യേണ്ടി വരുമ്പോൾ പ്രസ്തുത സ്പെഷ്യലിസ്റ്റ്/മെഡിക്കൽ ഓഫീസർ അതിന്റെ കാരണം രേഖപ്പെടുത്തുകയും ആശുപത്രി സൂപ്രണ്ട് കൗണ്ടർസൈൻ ചെയ്യേണ്ടതുമാണ് .

(iv) മേൽ പ്രതിപാദിച്ച പട്ടികയിൽ ഉൾപ്പെടാത്തതും എന്നാൽ സ്പെഷ്യാലിറ്റി ചികിത്സയുടെ ഭാഗമായി വരുന്ന ചികിത്സകൾക്ക് സ്പെഷ്യാലിറ്റി എംപാനൽമെന്റ് അർഹത ലഭിക്കുവാൻ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയുടെ മാനദണ്ഡം തന്നെ ബാധകമാക്കേണ്ടതാണ്.

(v) സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് എൻടൈറ്റിൽമെന്റ് സർട്ടിഫിക്കറ്റ് നൽകേണ്ട സാഹചര്യങ്ങളിൽ പുതുക്കിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യമുള്ള പക്ഷം എൻടൈറ്റിൽമെന്റ് സർട്ടിഫിക്കറ്റ് നൽകുവാൻ എല്ലാ സബ് റീജിയണൽ ഓഫീസുകൾക്കും ഇ.എസ്.ഐ കോർപ്പറേഷൻ റീജിയണൽ ഡയറക്ടർ നിർദ്ദേശം നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡി.ലാൽ**

**അഡീഷണൽ സെക്രട്ടറി**

ഡയറക്ടർ ജനറൽ, ഇ.എസ്.ഐ കോർപ്പറേഷൻ, പഞ്ചദീപ് ഭവൻ, സി.ഐ.ജി റോഡ്, ന്യൂ ഡൽഹി (ആമുഖ കത്ത് സഹിതം).
ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്, തിരുവനന്തപുരം.
അഡീഷണൽ കമ്മീഷണർ & റീജിയണൽ ഡയറക്ടർ, ഇ.എസ്.ഐ കോർപ്പറേഷൻ, പഞ്ചദീപ് ഭവൻ,നോർത്ത് സ്വരാജ് റൗണ്ട്, തൃശ്ശൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
ധനകാര്യ വകുപ്പ് [E 705329 ( H&L-A1/18/2018-Fin].
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്